**തിരുവനന്തപുരം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടറുടെ (കുടുംബക്ഷേമം) നടപടിക്രമം**

---

വിഷയം:- ആവഡ-ജീവനക്കാര്യം- പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിൽ നിന്നും പബ്ലിക് ഹെൽത്ത് നേഴ്സിംഗ് സൂപ്പർവൈസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1.OAEKM659/2021.

2.അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ (എറണാകുളം) നിന്നും 28/02/2025 തീയതിയിൽ ലഭ്യമായ കത്ത് നം. G3-OAEKM 659/2021/2025032056.

3.ബഹു .തിരുവനന്തപുരം അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ നിന്നും 13/08/2025 നു ലഭ്യമായ R.A(Ekm)Nos.19/2024&40/2024 in O.A(Ekm)No.659/2021 നമ്പർ വിധിന്യായം

4.R.A(Ekm)No.19/2024 in O.A(Ekm)No.659/2021പ്രകാരമുള്ള റെസിപ്റ്റ് മെമ്മോ

5.ഉത്തരവ് നമ്പർ ആ.വ.ഡ /7813/2024/ഇ.എസ് 5 തീയതി 18/05/2024

**ഉത്തരവ് നം:DHS/14263/2024-FWA5 തീയതി:** 12-11-2025

---

ശ്രീമതി.സുഷമ.പി.ആർ-ഉം മറ്റുള്ളവരും ചേർന്ന് OA659/2021 പ്രകാരം ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-1-ന്റെ സീനിയോരിറ്റി ലിസ്റ്റ് സംബന്ധിച്ചു പരാമർശം (1) പ്രകാരം കേസ് ഫയൽ ചെയ്തിരുന്നതിനാൽ, ബഹു:കോടതിയുടെ വിധിന്യായം ലഭ്യമാകുന്നത് വരെ പ്രസ്തുത കേസിൽ ഉൾപ്പെട്ടിട്ടുള്ള പാർട്ടി റെസ്പോണ്ടന്റ് ആയിട്ടുള്ള ജീവനക്കാർക്ക് പ്രൊമോഷൻ നൽകുവാൻ പാടുള്ളതല്ല എന്ന് പരാമർശം 2 പ്രകാരം അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ നിന്നും അറിയിച്ചിട്ടുള്ളതാണ് .

OA 659/2021 ലെ ഔദ്യോഗിക എതിർകക്ഷികളായ സർക്കാരും ആരോഗ്യ വകുപ്പും ഫയൽ ചെയ്ത റിവ്യൂ അപേക്ഷ 40/2024 നമ്പറായും OA 659/2021 ലെ പാർട്ടി റെസ്പോൺഡന്റ്സ്

ആയിരുന്നവരിൽ മൂന്നു പേരായ **ശ്രീമതി.** ശ്രീലത.ഒ, **ശ്രീമതി.** ദീപ കൃഷ്ണൻ, **ശ്രീമതി.** സലീന.എം എന്നിവർ ഫയൽ ചെയ്ത റിവ്യൂ അപേക്ഷ 19/2024 നമ്പറായും പരിഗണിച്ച ബഹു.ട്രിബൂണൽ ആയതിന്മേൽ 13/8/2025 ൽ പരാമർശം 3 പ്രകാരം ബഹു. കോടതിയുടെ അന്തിമ വിധിന്യായം ലഭ്യമാക്കിയിരുന്നു. ആയതിൽ റിവ്യൂ അപേക്ഷയിലെ അപേക്ഷകർ മൂന്നു പേരും കൂടി 25000/- രൂപ കെട്ടിവെച്ച് ആ വിവരം ബഹു.ട്രിബൂണൽ മുൻപാകെ ബോധിപ്പിക്കുന്ന തീയതി പ്രാബല്യത്തിൽ മാത്രമേ OA 659/2021ൽ ബഹു.ട്രിബൂണൽ പുറപ്പെടുവിച്ച ഉത്തരവ് പിൻവലിക്കപ്പെടുകയുള്ളു എന്ന് വ്യക്തമാക്കിയിട്ടുണ്ട് .

ടി സാഹചര്യത്തിൽ റിവ്യൂ അപേക്ഷയിലെ അപേക്ഷകർ മൂന്നു പേരും കൂടി 25000/- രൂപ ഒടുക്കിയതിന്റെ വിവരം പരാമർശം 4 പ്രകാരം ബഹു.കോടതിയിൽ നിന്നും അറിയിച്ചിരിക്കുന്നു. മേൽ സാഹചര്യത്തിൽ OA659/2021 പ്രകാരമുള്ള കേസിൽ പാർട്ടി റെസ്പോണ്ടന്റ് ആയി ഉൾപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിക്കാവുന്ന സാഹചര്യം സംജാതമായിട്ടുള്ളതാണ്. ആയതിനാൽ പരാമർശം 5 പ്രകാരം പ്രസിദ്ധീകരിച്ച സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്ന പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിലെ ജീവനക്കാർക്ക് Rule28(a) of KS&SSR പ്രകാരം പബ്ലിക് ഹെൽത്ത് നേഴ്സിംഗ് സൂപ്പർവൈസർ തസ്തികയിലേക്ക് 43400-91200 (revised scale) എന്ന ശമ്പള സ്കെയിലിൽ ചുവടെ ചേർത്തിരിക്കുന്ന പട്ടിക പ്രകാരം സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

| ക്രമ നം. | റാങ്ക് നം | പെൻ | ജനന തീയതി | പേര് | നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം | നിയമനം നൽകിയിരിക്കുന്ന ജില്ല |
|---|---|---|---|---|---|---|
| 1 | 7 | 313482 | 13/10/1970 | ശ്രീമതി.പ്രസന്നകുമാരി. പി.ഡി | സാമൂഹികാരോഗ്യകേന്ദ്രം, ചവറ ,കൊല്ലം | പത്തനംതിട്ട |
| 2 | 14 | 332293 | 26/04/1970 | ശ്രീമതി.ദീപ കൃഷ്ണൻ | സാമൂഹികാരോഗ്യ കേന്ദ്രം, രാമമംഗലം,എറണാകുളം | എറണാകുളം |
| 3 | 86 | 366487 | 26/05/0970 | ശ്രീമതി.ഷൈനി.പി .കെ | സാമൂഹികാരോഗ്യകേന്ദ്രം, മുക്കം ,കോഴിക്കോട് | കോഴിക്കോട് |
| | | | | | സാമൂഹികാരോഗ്യകേ | |

| | | | | | | |
|---|---|---|---|---|---|---|
| 4 | 96 | 236591 | 26/04/1970 | ശ്രീമതി .ശ്രീലത.ഓ | ദ്രം, അഞ്ചൽ,കൊല്ലം | പത്തനംതിട്ട |
| 5 | 111 | 238717 | 31/05/1972 | ശ്രീമതി. സലീന.എം | കുടുംബാരോഗ്യ കേന്ദ്ര ം, പലമേൽ,ആലപ്പുഴ | ആലപ്പുഴ |

മേൽ പറയുന്ന ഉദ്യോഗസ്ഥർ ജോലിയിൽ പ്രവേശിക്കുന്ന ദിവസം മുതൽ തുടർച്ചയായ രണ്ടു വർഷ കാലയളവിനുള്ളിൽ ഒരു വർഷത്തെ സേവനകാലം നിരീക്ഷണ കാലാവധി ആയിരിക്കുന്നതാണ്. സമയബന്ധിത ഹയർ ഗ്രേഡുകൾ ലഭിച്ചിട്ടുള്ള ജീവനക്കാർ യാതൊരു കാരണവശാലും സ്ഥാനക്കയറ്റം പരിത്യജിക്കാൻ പാടുള്ളതല്ല. മേൽ പ്രകാരം സ്ഥാനക്കയറ്റം അനുവദിച്ചിരിക്കുന്ന ജീവനക്കാരിലാരെങ്കിലും അച്ചടക്ക നടപടികൾ നേരിടുന്നു എങ്കിൽ സ്ഥാനമേധാവികൾ അവരെ വിടുതൽ ചെയ്യാൻ പാടുള്ളതല്ല. കൂടാതെ വിവരം ഈ ഓഫീസിലേക്ക് അടിയന്തിരമായി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. വിവര ശേഖരണം നടത്തുന്ന സമയത്തു ജീവനക്കാർ ജോലി ചെയ്തിരുന്ന സ്ഥാപനങ്ങൾ അതിനു ശേഷം മാറിയിട്ടുണ്ടെങ്കിൽ അതാതു ജില്ലാ മെഡിക്കൽ ഓഫീസർമാർ വിടുതൽ ചെയ്യുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട സ്ഥാപന മേധാവിക്ക് നൽകേണ്ടതാണ്. എല്ലാ സ്ഥാപന മേധാവികളും പകരക്കാരെ കാത്തു നിൽക്കാതെ സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരെ വിടുതൽ ചെയ്യേണ്ടതും ജില്ലാ മെഡിക്കൽ ഓഫീസർമാർ അതാതു ജില്ലകളിൽ അനുവദിച്ചിട്ടുള്ള ജീവനക്കാർക്ക് നിയമന ഉത്തരവ് അടിയന്തരമായി നൽകേണ്ടതുമാണ്.

ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഡൗൺ ലോഡ് ചെയ്തു ഉപയോഗിക്കാവുന്നതാണ്. വ്യക്തിഗത പകർപ്പ് അയച്ചുതരുന്നതല്ല.

ജീവനക്കാരുടെ വിടുതൽ/ പ്രവേശന വിവരങ്ങൾ യഥാസമയം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

Signed by
Meenakshy V
Date: 12-11-2025 13:17:49

**Dr MEENAKSHY V**

**#ApprovedByDesignation#**

സ്വീകർത്താവ്:-സ്ഥാപന മേധാവികൾ

പകർപ്പ്:-

1.ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റ്

2. ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം)-കൊല്ലം,പത്തനംതിട്ട,എറണാകുളം,ക ോഴിക്കോട്,ആലപ്പുഴ

**3.ഫയൽ/ കരുതൽ ഫയൽ**